"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പ് - കണ്ണൂർ ജില്ലാ ആയുർവേദ ആശുപത്രിയിൽ നഴ്സ് ഗ്രേഡ് II ആയി സേവനമനുഷ്ഠിക്കുന്ന ശ്രീമതി അതുല്യ യുടെ മാതാവിന്റെ ചികിത്സാർത്ഥം കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് & റിസർച്ച് സെന്ററിൽ ചെലവായ തുക - പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.291/2026/AYUSH തീയതി,തിരുവനന്തപുരം, 23-05-2026

---

പരാമർശം:-

1. സ.ഉ.(പി) നം.10/2016/H&FWD തീയതി 21.01.2016.
2. സ.ഉ.(കൈ) നം.122/2020/ധന തീയതി 23.11.2020.
3. ശ്രീമതി അതുല്യ സമർപ്പിച്ച മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് അപേക്ഷ.
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 26.04.2023 ലെ (എൽ.ഡിസ്) എം.ആർ1-32425/2022/ആ.വ.ഡ. നം.കത്ത്.
5. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 15.05.2023, 23.04.2026 തീയതികളിലെ DISM/675/2022-G3 നം.കത്ത്.

**ഉത്തരവ്**

ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ കണ്ണൂർ ജില്ലാ ആയുർവേദ ആശുപത്രിയിൽ സേവനമനുഷ്ഠിക്കുന്ന നഴ്സ് ഗ്രേഡ്-II ശ്രീമതി അതുല്യ, ടിയാളുടെ മാതാവിന്റെ ചികിത്സാർത്ഥം കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് & റിസർച്ച് സെന്ററിൽ 13.12.2021 മുതൽ 03.01.2022 വരെയുള്ള കാലയളവിൽ ചെലവായ തുക റീഇമ്പേഴ്സ് ചെയ്യുന്നതിനായി പരാമർശം (3) പ്രകാരം സമർപ്പിച്ച മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അപേക്ഷ, ആരോഗ്യ വകുപ്പ് ഡയറക്ടർ പരിശോധിച്ച് അനുവദനീയമായ തുക 66,338/- രൂപയാണെന്ന് പരാമർശം (4) പ്രകാരം അറിയിച്ചിട്ടുണ്ടെന്നും ടി തുക അനുവദിച്ച് നൽകണമെന്നും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം (5) പ്രകാരം ശിപാർശ ചെയ്തിരുന്നു.

2. അപേക്ഷകയുടെ മാതാവിന് കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് & റിസർച്ച് സെന്ററിൽ നിന്നും ലഭ്യമായ ചികിത്സ പരാമർശം (1) പ്രകാരം ചികിത്സാ ചെലവുകൾ പ്രതിപൂരണം ചെയ്യുന്നതിന് അർഹമാണ്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലാ ആയുർവേദ ആശുപത്രിയിൽ സേവനമനുഷ്ഠിക്കുന്ന നഴ്സ് ഗ്രേഡ്-II ശ്രീമതി അതുല്യ തന്റെ മാതാവിന്റെ ചികിത്സാർത്ഥം ലഭ്യമാക്കിയ മെഡിക്കൽ റീ-ഇമ്പേഴ്സ്മെൻറ് രേഖകളുടെയും, ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ പരാമർശം (5) പ്രകാരമുള്ള ശിപാർശയുടേയും, പരാമർശം (2) സർക്കാർ ഉത്തരവിന്റേയും അടിസ്ഥാനത്തിൽ ടിയാളുടെ പരാമർശം (3) പ്രകാരമുള്ള മെഡിക്കൽ റീ-

ഇമ്പേഴ്സ്മെൻറ് അപേക്ഷ പരിഗണിച്ച് കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് & റിസർച്ച് സെന്ററിൽ 13.12.2021 മുതൽ 03.01.2022 വരെ ചികിത്സക്കായി ചെലവായ 97,059/- രൂപയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം അനുവദനീയമെന്ന് കണ്ടെത്തിയ തുകയായ 66,338/- രൂപയുടെ 80 ശതമാനമായ 53,070/- രൂപ (അമ്പത്തി മൂവായിരത്തി എഴുപത് രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SEEMA S
ജോയിന്റ് സെക്രട്ടറി

1. ശ്രീമതി അതുല്യ, നഴ്സ് ഗ്രേഡ് II, ജില്ലാ ആയുർവേദ ആശുപത്രി, കണ്ണൂർ(ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ മുഖേന).
2. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം. (മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് അപേക്ഷയും, ബില്ലുകളും, അനുബന്ധ രേഖകളും സഹിതം)
3. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം.
4. ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ് (HEALTH-G2/384/2024-HEALTH തീയതി 08.07.2024)
5. ധനകാര്യ (ലോൺസ്) വകുപ്പ് (2858031: LNS-L8/341/2024-FIn തീയതി 14.11.2024)
6. വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി).
7. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (AYUSH-A1/113/2023-AYUSH)

ഉത്തരവിൻ പ്രകാരം

Signed by
Baiju G
Date: 25-05-2026 11:27:00

സെക്ഷൻ ഓഫീസർ

പകർപ്പ് -
ബഹു.ആരോഗ്യവും വനിത ശിശുവികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആയുഷ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
ആയുഷ് വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എയ്ക്ക്